പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:7721 23/07/2012 - ൽ മറുപടിക്ക്

## മൽസ്യ സമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കേരളത്തിൽ ഇപ്പോൾ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള മൽസ്യ സമൃദ്ധി പദ്ധതി മുൻ വർഷത്തെ മൽസ്യകേരളം പദ്ധതി പുനർനാമകരണം ചെയ്തതാണോ; അല്ലെങ്കിൽ പുതിയ പദ്ധതിയാണോയെന്ന് വെളിപ്പെടുത്തുമോ; പുതിയതാണെങ്കിൽ പഴയ പദ്ധതിയിൽ നിന്നും എന്തൊക്കെ മാറ്റങ്ങളാണ് ഈ പദ്ധതിയിൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) മത്സ്യകേരളം പദ്ധതിയോട് സമാനമായിട്ടുള്ള ഒരു പുതിയ പദ്ധതിയാണ് മത്സ്യ സമൃദ്ധി. മത്സ്യകേരളം പദ്ധതിയിൽ സർക്കാർ സബ്സിഡിയായി പ്രോജക്റ്റിൽ ഉൾക്കൊള്ളിച്ചിരുന്നത് 24 കോടി രൂപയാണ്. എന്നാൽ മത്സ്യ സമൃദ്ധി പദ്ധതിയിൽ 55.30 കോടി രൂപയാണ് സർക്കാർ സബ്സിഡിയായി വകയിരുത്തിയിരിക്കുന്നത്.<br>മത്സ്യ കേരളം പദ്ധതിയിൽ ഇൻപുട്ട് സബ്സിഡി ഒന്നാം വർഷം 100%, രണ്ടാം വർഷം 75%, മൂന്നാം വർഷം 50% എന്നിങ്ങനെ പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ മത്സ്യസമൃദ്ധി പദ്ധതിയിൽ ഇൻപുട്ട് സബ്സിഡി മൂന്നു വർഷവും 100% വീതം സർക്കാർ നൽകുന്നു. കൂടാതെ കരിമീൻ കൃഷി പ്രോത്സാഹിപ്പിക്കൽ, കൂടുകളിലെ മത്സ്യകൃഷി, തുറന്ന ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ തുടങ്ങിയ പുതിയ ഘടകങ്ങൾ കൂടി മത്സ്യ സമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മത്സ്യ സമൃദ്ധി പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് ആവശ്യമായ ഫണ്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ഇൻപുട്ട് സബ്സിഡി ഇനത്തി |

ലുള്ള (മത്സ്യവിത്ത്, തീറ്റ എന്നിവയ്ക്ക്) ചെലവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതില്ല.

(ബി) മൽസ്യ സമൃദ്ധി പദ്ധതിക്കായി ഏതെല്ലാം ധന സ്രോതസ്സുകളിൽ നിന്നും എന്ത് തുക വീതമാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13 മുതൽ നടപ്പിലാക്കുന്ന 'മത്സ്യ സമൃദ്ധി പദ്ധതി'യുടെ സബ്സിഡി ഇനത്തിൽ വകയിരുത്തിയിരിക്കുന്നത് 55.30 കോടി രൂപയാണ്. പ്രസ്തുത പദ്ധതി പ്രകാരം സബ്സിഡി നല്കുന്നതിനായി കണ്ടെത്തിയിട്ടുള്ള ധന സ്രോതസ്സുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ധന സ്രോതസ്സുകൾ | ഒന്നാം വർഷം (തുക ലക്ഷത്തിൽ | രണ്ടാം വർഷം (തുക ലക്ഷത്തിൽ | മൂന്നാം വർഷം (തുക ലക്ഷത്തിൽ | ആകെ (തുക ലക്ഷത്തിൽ |
|---|---|---|---|---|---|
| 1 | ആർ.കെ.വി.വൈ | 1003.85 | 1137.60 | 1337.60 | 3479.05 |
| 2 | സംസ്ഥാന വിഹിതം | 280.75 | 360.25 | 375.25 | 1016.25 |
| 3 | കേന്ദ്ര വിഹിതം (എഫ്.എഫ്.ഡി.എ) | 380.00 | 329.75 | 324.75 | 1034.50 |
| | ആകെ | 1664.60 | 1827.60 | 2037.60 | 5529.80 |

(സി) പ്രസ്തുത പദ്ധതി പ്രകാരം കേളത്തിലെ ഉൾനാടൻ മൽസ്യ സമ്പത്ത് 3 വർഷം കൊണ്ട് എത്ര മാത്രം വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്;

(സി) മത്സ്യ സമൃദ്ധി പദ്ധതിപ്രകാരം കേരളത്തിലെ ഉൾനാടൻ മത്സ്യോല്പാദനം 3 വർഷം കൊണ്ട് 1.5 ലക്ഷം ടണ്ണിൽ നിന്നും 2.50 ലക്ഷം ടണ്ണിലേയ്ക്ക് വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്.

(ഡി) ഉൽപ്പാദിപ്പിക്കപ്പെടുന്ന മൽസ്യം വിപണനം നടത്തുന്നതിനും, കർഷകർക്ക് നല്ല ആദായം ലഭ്യമാക്കുന്നതിനും പദ്ധതിയിൽ

(ഡി) പഞ്ചായത്ത് തലത്തിലുള്ള മത്സ്യ കർഷക ക്ലബ്ബിന്റെ മേൽനോട്ടത്തിൽ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് ആഭ്യന്തര മാർക്കറ്റിൽ മത്സ്യം വിറ്റഴിക്കുന്നതിനുള്ള നടപടികളാണ് പ്രധാനമായിട്ടും ലക്ഷ്യമിട്ടിട്ടുള്ളത്.

| | |
|---|---|
| എന്തെങ്കിലും മാർഗ്ഗങ്ങൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | കൂടാതെ ആവശ്യമുള്ള പക്ഷം മത്സ്യഫെഡു പോലുള്ള സ്ഥാപനങ്ങളുടെ സഹായവും വിപണനത്തിനുപയോഗിക്കാവുന്നതാണ്. ഈ പദ്ധതിയിൽ മൂന്ന് വർഷംകൊണ്ട് 451.50 കോടി രൂപയ്ക്കുള്ള ശുദ്ധജല മത്സ്യം വിൽക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ